cyber thoolika

# സൈബർ തൂലിക

സെന്റ് മേരീസ് ഹൈസ്കൂൾ,
കല്ലാനോട്



സെന്റ് മേരീസ് ഹൈസ്കൂൾ കല്ലാനോട് ലിറ്റിൽ
കൈറ്റ് അംഗങ്ങൾ ഹെഡ്മാസ്റ്ററോടൊപ്പം

# എഡിറ്റോറിയൽ ബോർഡ്



## ചീഫ് എഡിറ്റർ

അഭിനവ് ജോബി

## എഡിറ്റേഴ്സ്

ഡെനിസ് മാത്യു
ആദിൽ അമി
മുഹമ്മദ് അമീൻ
മുഹമ്മദ് അനീസ്
ഗൊപിക ജി. എസ്
കീർത്തന പി. കെ
അമീൻ ഒമർ

# ആശംസ

സൈബർ തൂലികയക്കായി ഒത്തൊരുമിച്ച പ്രിയ വിദ്യാർത്ഥികൾക്കും അതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ എന്റെ സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ. മാത്രമല്ല അനുദിനം മാറികൊണ്ടിരിക്കുന്ന നൂതന സാങ്കേതികവിദ്യയുടെ മികച്ച ഫലങ്ങൾ മാത്രം ഉൾക്കൊണ്ട് മു ന്നേറാൻ ഈ ഡിജിറ്റൽ മാഗസിൻ വഴിയൊരുക്കട്ടെ എന്നാശംസിക്കുന്നു



ഫ്രാൻസിസ് സെബാസ്റ്റ്യൻ റ്റി
ഹെഡ്മാസ്റ്റർ
സെന്റ് മേരീസ് ഹൈസ്കൂൾ, കല്ലാനോട്

# ആശംസ

കല്ലുകളിൽ കൊത്തിവെച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തി നിൽക്കുന്നത്.

ലോകം ശാസ്ത്ര സാങ്കേതിക വിദ്യയിൽ, വിശിഷ്യ ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ഒരു കുതിച്ചു ചാട്ടത്തിലാണ്. വിജ്ഞാന ചക്രവാളത്തെ നൂതന സാങ്കേതിക വിദ്യയിലൂടെ കൈനീട്ടി പിടിക്കാനുള്ള ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളു ടെ സദുദ്യമത്തെ പ്രശംസിക്കുന്നു.


“സൈബർ തൂലികയ്ക്ക്” എല്ലാവിധ ആശംസകളും നേരുന്നു...



**സിമി ദേവസ്യ**
**കൈറ്റ് മിസ്ട്രസ്**
**സെന്റ് മേരീസ് ഹൈസ്കൂൾ,**
**കല്ലാനോട്**

# Message

I'm very glad and honoured that the Little Kites (2019-2021) of St. Mary's H. S is bringing out a digital magazine, "Cyber Thoolika". I extend my hearty congratulations to the Little Kites team for their enthusiasm and effort for their meticulous work which is reflected in the pages of the magazine.



Aysha E. Najma

Kite Mistress

St. Mary's H. S, Kallanode

# ഉള്ളടക്കം

ആമുഖം........8
വേനൽ........9
ഗ്രാമത്തിലെ കിണർ........11
പ്രകൃതി നീ എവിടെ?........12
ചില കോഴിക്കോടൻ വീരഗാഥകൾ........13
യാത്രാവിവരണം........14
ഇലക്കൊട്ടാരം........15
ആന കുട്ടനും കുഞ്ഞി കുരുവിയും........16
ട്ടുട്ടുവിന്റെ വികൃതി........17
ഓർമ്മപ്പൂക്കൾ........18
മത്സരത്തിലെ ഓട്ടക്കാർ........19
ചെറുതും വലുതും........20
എൻറെ ഗ്രാമം........21
പ്രളയം........22
കൊതിയൻ കിട്ടു........23
ഉണർത്തല്ലേ........24
കുയിലാളേ........25
മരവും പെയ്യുന്നേ........26
വൈകി വന്ന വസന്തം........27
കഥകളിയും വള്ളത്തോളും........28
കോൽക്കളി........29
ശ്രദ്ധ........30
നക്ഷത്രം........31
അസ്തമയ സൂര്യൻ........32
ഗാന്ധി ഒന്നല്ല........33
നാം തിരിച്ചറിയണം........35
പൂന്തോട്ടം........36
പരിശ്രമം ചെയ്യുകിലെന്തിനേയും........37
നന്ദി ഗ്രേറ്റാ...നന്ദി........38
വസന്തത്തിന്റെ നൊമ്പരം........39
പ്രളയമേ തിരികെ വരിക നീ........40
നഷ്ടമാകരുതേ........41

# ആമുഖം

കൗമാരമനസ്സുകളുടെ ചിന്തകളും വിഹ്വലതകളും നവലോകത്തെക്കുറിച്ചുള്ളഭാവനകളും ഇഴചേർന്ന "സൈബർ തൂലിക" കല്ലാനോട് സെന്റ് മേരീസ് ഹൈസ്കൂളിന്റെ ഒരു സ്വപ്ന പദ്ധതിയാണ്.

മിഴികൾക്കും മൊഴികൾക്കും മധ്യേയിങ്ങനെ അക്ഷരങ്ങളായും വർണ്ണ ചിത്രങ്ങളായും തൊടുത്തുവിടുന്ന ഒരു കാഴ്ചഹാരം ഇവിടെ പുത്തനറിവുകളുടെ താഴ്‌വര മുഴുവൻ പൂത്തുലഞ്ഞിരിക്കുന്നു. അപരന്റെ ഹൃദയത്തിന്റെ നന്മയും അറിവിന്റെ ആഴങ്ങളും സാധ്യതകളുടെ ചക്രവാളങ്ങളും ഇവിടെ ഞങ്ങൾ തുറന്നിടുന്നു.

അഭിനവ് ജോബി
ചീഫ് എഡിറ്റർ,
സൈബർ തൂലിക

# വേനൽ

ഭൂമി സ്വയം കറങ്ങുന്നതിനൊപ്പം സൂര്യനെ ചുററുകയും ചെയ്യുന്നു. അതിന്റെ ഫലമായിട്ടാണ് വസന്തവും ഹേമന്തവും ഗ്രീഷ്മവുമൊക്കെ മാറി മാറി വരുന്നത്. ഇതിനിടയിൽ പകലിന് നീളം കൂടുകയും രാത്രി ചെറുതാകുകയും ചെയ്യ ുമ്പോൾ വേനൽ ഉണ്ടാകുന്നു. ഈ സമയത്ത് ഭ്രമണപഥം സൂര്യനോട് ഏറെ അടുത്തിരിക്കും. ചൂടും വെളിച്ചവും കൂടി മഴമേഘങ്ങൾ അപ്രത്യക്ഷമായി തെളിച്ചമുള്ള കാലാവസ്ഥയായി മാറും. വെളിച്ചം മാത്രമല്ല സൂര്യ രശ്മികളുടെ ശക്തി കൂടിയതോതിൽ ചൂടാവുകയും ചെയ്യും.അബിന സി എസ്. 9 എ



# ആസ്വാദനക്കുറിപ്പ്

## ബാല്യകാല സഖി – വൈക്കം മുഹമ്മദ് ബഷീർ

സുഹറയും മജീദുമാണ് ഈ പുസ്തകത്തിലെ പ്രധാന കഥാപാത്രങ്ങൾ. ബഷീറിന്റെ തനതായ ഭാഷാ ശൈലി ഈ പുസ്തകത്തിൽ നമുക്ക് കാണാം. ബഷീർ പഠനത്തിൽ പുറകിലാണ്. ഒരു ദിവസം അധ്യാപകൻ മജീദിനോട് ഒന്നും ഒന്നും എത്രയാണെന്ന് ചോദിച്ചപ്പോൾ ഇമ്മിണി ബല്യ ഒന്ന് എന്ന് മറുപടി പറഞ്ഞു. രണ്ടു നദികൾ ചേർന്ന് വലിയ ഒരു നദിയുണ്ടാകുന്നു എന്ന ആശയത്തിലായിരുന്നു മജീദ് ഉത്തരം പറഞ്ഞത്. അങ്ങനെ ഇമ്മിണി ബല്യ ഒന്ന് മജീദിന്റെ ഇരട്ട പേരായി. മജീദ് ഭാവനാ സമ്പന്നനായ വ്യക്തിയായിരുന്നു. അവന്റെ ഭാവനയിൽ സുഹറയായിരുന്നു രാജകുമാരി. സുഹറ പഠനത്തിൽ മിടുക്കിയായിരുന്നു. സുഹറയുടെ ബാപ്പക്ക് അടയ്ക്ക കച്ചവടമായിരുന്നു. ബാപ്പയുടെ മരണശേഷം സുഹറക്ക് പഠിക്കാൻ കഴിഞ്ഞില്ല. വീട്ടുകാരുമായി ഉണ്ടായ പ്രശ്നത്തിൽ മജീദ് വീട് വിട്ടിറങ്ങുന്നു. കണ്ണീരൊഴുക്കാതെ ഈപുസ്തകം വായിച്ചു തീർക്കാനാവില്ല.




തേജ
9 എ

# ഗ്രാമത്തിലെ കിണർ



ഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു ആ ഗ്രാമത്തിൽ ഒരു കിണർ ഉണ്ടായിരുന്നു. ആ കിണർ സ്ഥിതി ചെയ്യുന്നത് ഒരു മൈതാനത്തിൽ ആയിരുന്നു. ഒരു ദിവസം കുട്ടികൾ പന്ത് വച്ച് കളിക്കുമ്പോൾ പന്ത് അവിടെയുള്ള കിണറിൽ വീണു .അപ്പോൾ ഒരു കുട്ടി ആ കിണറിന് അടുത്തേക്ക് പോയി. കിണറ്റിൽ നിന്ന് ഒരു ഒരു കൈ വന്നു വലിച്ചിട്ടു .അന്ന് തൊട്ടു ആ കിണറ്റിൽ നിന്നും വെള്ളം എടുക്കാൻ എല്ലാവർക്കും പേടിയായിരുന്നു .ഒരു ദിവസം ആ കുട്ടികൾ പിന്നെയും കളിച്ചുകൊണ്ടിരുന്നു .അന്ന് ആ കിണറ്റിൽ നിന്ന് ഒരു കുടം മുങ്ങി പോകുന്ന ശബ്ദം കേട്ടു അപ്പോൾ അവിടെ കളിക്കുന്ന രണ്ടുപേർ കിണറ്റിൽ അടുത്തേക്ക് പോയി പക്ഷേ ആ മാന്ത്രിക കൈ വന്നില്ല .ആ വാർത്ത അവർ ഗ്രാമ തലവനെ അറിയിച്ചു .അതിൽ എന്തോ രഹസ്യം ഉണ്ട് എന്ന് അവർ മനസ്സിലാക്കി .അവർ ഒരു തീരുമാനം എടുത്തു .അവർ അടുത്തെത്തി അതിൽ ഒരാൾ കിണറ്റിലേക്ക് എത്തിനോക്കി മറ്റൊരാൾ അവൻറെ കാൽ മുറുകെ പിടിച്ചു, മാന്ത്രിക കൈ വന്നു അവനെ പിടിച്ചു വലിച്ചു പക്ഷേ കിട്ടിയില്ല. അതോടെ അവർ മനസ്സിലാക്കി അത് മാന്ത്രിക കൈ അല്ല മറിച്ച് ,ഏതോ ഒരു മനുഷ്യൻ ചെയ്തതാണെന്ന് .അവർ തീരുമാനിച്ചു അത് ആരാണ് ചെയ്തതെന്ന് കണ്ടുപിടിക്കണമെന്ന്. അങ്ങനെ അവർ അവിടം തിരഞ്ഞുകൊണ്ടിരുന്നു അപ്പോൾ അവരിൽ ഒരാൾ അവിടെ ഒരു രഹസ്യ വഴി കണ്ടെത്തി .എന്നിട്ട് നോക്കുമ്പോൾ അവിടെ കൊള്ളക്കാരെ കണ്ടെത്തി .അവരെ ചോദ്യം ചെയ്തു .അപ്പോൾ അവർ പറഞ്ഞു കാശിനും സ്വർണത്തിനും വേണ്ടിയാണ് ഇത് ചെയ്തത് എന്ന് അവർ പറഞ്ഞു .മാത്രമല്ല ഇത് യന്ത്രങ്ങൾ ഉപയോഗിച്ചാണ് ഇത് ചെയ്തത് എന്നും പറഞ്ഞു ആ കുട്ടികൾ അവരെ പോലീസിനെ ഏൽപ്പിച്ചു.

നിവേത് സോണി<br>VII D

# പ്രകൃതി നീ എവിടെ?

കളകളം പാടിയ ഒഴുകുന്ന വർണ്ണപ്പുഴകൾ എവിടെ ?

പച്ചപ്പരവതാനി വിരിച്ച വയൽപരപ്പുകളിന്നെവിടെ?

പച്ച കുട ചൂടി നിൽക്കും വൃക്ഷലതാദികൾ എവിടെ ?

ഗാനത്തിന് ഈണം പോലെ പെയ്യുന്ന മഴ എവിടെ?

ഇളം കാറ്റിൽ ആടിയുലയുന്ന തെങ്ങിൻതോപ്പുകൾ ഇന്നെവിടെ?

കുന്നുകൾ എവിടെ? തോടുകൾ എവിടെ ?

വയലുകൾ എവിടെ? പുഴയോരങ്ങൾ എവിടെ ?

പ്രകൃതിയെ...

നിൻ ഓമനത്തമെങ്ങോ... മാഞ്ഞു പോയി

അയറിഷ്

VIII – A



# ചില കോഴിക്കോടൻ വീരഗാഥകൾ



2344 ച.കി.മി വിസ്തീർണ്ണമുള്ള കോഴിക്കോട് ജില്ലയുടെ പകുതിയോളം പ്രദേശങ്ങൾ ഇടനാട്ടിൽ പെടുന്നു . ബാക്കി തീരപ്രദേശവും മലനാട്ടുമാണ് പതിമൂന്ന് നിയമസഭാ മണ്ഡലങ്ങളും നാലു താലൂക്കുകളും 7 നഗരസഭകളും ഉള്ള നമ്മുടെ ജില്ലയിൽ 70 ഗ്രാമ പഞ്ചായത്തുകളും ഉണ്ട്. രണ്ടായിരത്തി പതിനൊന്നിൽ കണക്കാക്കപ്പെട്ടിട്ടുള്ളത് പ്രകാരം ഇവിടുത്തെ ജനസംഖ്യയോ... 30,84,543. 1957 ജനുവരി ഒന്നിനാണ് നമ്മുടെ ജില്ല രൂപീകരിക്കപ്പെട്ടത്. നാട്ടിലെങ്ങും പാട്ടായ റേഡിയോ മാംഗോ എന്ന കേരളത്തിലെ ആദ്യ എഫ്എം റേഡിയോ ആരംഭിച്ചത്. സാമൂതിരിയുടെ സ്വന്തം നാട്ടിൽ സ്വാതന്ത്ര്യ സമരത്തിൻറെ ഭാഗമായി 1923 സ്ഥാപിതമായ മാതൃഭൂമി ദിനപത്രം ആരംഭിച്ചതും നമ്മുടെ നാട്ടിലാണ് . കേരളത്തിലെ ആദ്യ മാലിന്യമുക്ത ജില്ലയായ കോഴിക്കോട് ആണ് കേരളത്തിൽ ഏറ്റവും തേങ്ങ ഉൽപാദിപ്പിക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ഇരുമ്പയിര് നിക്ഷേപം ഉള്ളതും കോഴിക്കോട് ജില്ലയിലാണ്. 1498 വാസ്കോഡ ഗാമ കപ്പലിറങ്ങിയത് കോഴിക്കോട് ജില്ലയിലെ കാപ്പാട് കടൽത്തീരത്താണ്. കലയുടെ മാമാങ്കമായ സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ചാമ്പ്യന്മാർക്കുള്ള സ്വർണക്കപ്പ് ആദ്യമായി ഏർപ്പെടുത്തിയത് 1987 കോഴിക്കോട് നടന്ന കലോത്സവത്തിലാണ്. മാത്രമല്ല കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷനിലാണ് കേരളത്തിലെ ആദ്യത്തെ ഐ എസ് ഐ സർട്ടിഫൈഡ് പോലീസ് സ്റ്റേഷൻ.

തീർത്ത
VIII – B

# യാത്രാവിവരണം



കഴിഞ്ഞവർഷത്തെ സ്കൂളവധിക്ക് ഞാനും എൻറെ കുടുംബവും മൈസൂരിലേക്ക് യാത്ര പോകാൻ തീരുമാനിച്ചു അടുത്ത ദിവസം രാവിലെ കുളിച്ച് വൃത്തിയായി യാത്ര ആരംഭിച്ചു എൻറെ കൂടെ ഉപ്പ ഉമ്മ അനിയനും. വയനാട് ചുരം വഴിയുള്ള വയനാട് ചുരം വഴിയുള്ള യാത്രയും ഇടയ്ക്കിടയ്ക്ക് കണ്ടുമുട്ടിയ വാനര സുഹൃത്തുക്കളും ഞങ്ങളെ രസിപ്പിച്ചു വനത്തിലൂടെയുള്ള യാത്ര അല്പം പേടിപ്പെടുത്തി എങ്കിലും ഞങ്ങൾ ആസ്വദിച്ചു കയ്യിൽ കരുതിയിരുന്ന ലഘു ഭക്ഷണ സാധനങ്ങൾ ഞങ്ങൾ ഇടയ്ക്കിടെ അകത്താക്കി കൊണ്ടിരുന്ന അതിനാൽ ഒട്ടും മടുപ്പ് തോന്നിയതേയില്ല ഞങ്ങളെല്ലാവരും ആദ്യം തന്നെ മൃഗശാലയിൽ പോയി അവിടെ നിരവധി പക്ഷികളും മൃഗങ്ങളും ഇഴജന്തുക്കളും ഉണ്ടായിരുന്നു ഇതെല്ലാം കണ്ട് കഴിഞ്ഞ് അതിൻറെ അടുത്ത് ഒരു ഹോട്ടലിൽ തന്നെ റൂമെടുത്തു അപ്പോഴേക്കും രാത്രി ആയിരുന്നു പിന്നെ ഞങ്ങൾ കിടന്നു അടുത്ത ദിവസം ഞങ്ങൾ മ്യൂസിയത്തിൽ പോയി അവിടെ ഉപയോഗിച്ച വസ്തുക്കളും എല്ലാം ഉണ്ടായിരുന്നു അത് കഴിഞ്ഞു കോട്ടയിൽ പോയി അവിടെ ഉള്ളതെല്ലാം എന്നെ അതിശയിപ്പിച്ചു അവിടെ പീരങ്കിയും ടിപ്പുവിൻറെ പ്രതിമ ഒരുവശത്ത് പിന്നെ ജീവനുള്ള ഒരു ആനയുടെ തല കണ്ടപ്പോൾ ആദ്യം ഞാൻ ഇത് പ്രതിമ ആണെന്നാണ് പിന്നീട് അവിടെ ഒരാൾ എല്ലാവർക്കും മറ്റുള്ളവരുടെ ഭാഷയിൽ മനസ്സിലാക്കി കൊടുക്കുന്നത് കണ്ടു മൈസൂർ ടിപ്പ് എന്നെ ഏറ്റവുമധികം രസിപ്പിച്ചത് അവിടുത്തെ കൊട്ടാരമാണ് വലിയ കണ്ണാടികളും ചുമർ ചിത്രങ്ങളും മനോഹരമായ ഇരിപ്പിടങ്ങളും തൂണുകളും എന്തൊരു ഭംഗി എത്രകണ്ടാലും മതിവരാത്തതായിരുന്നു. അവിടെ കണ്ട ഓരോ കാഴ്ച്ചകളും ഇതെല്ലാം ഇതെല്ലാം കാണാൻ വരുന്ന വിദേശികളെയും ഞാൻ ശ്രദ്ധിച്ചു. രാജാവിന്റെ സ്വർണ്ണ സിംഹാസനം നേരിട്ട് കാണാൻ കഴിഞ്ഞില്ലല്ലോ എന്ന സങ്കടം മാത്രം ബാക്കിയാക്കി ഞങ്ങൾ അവിടുന്ന് മാത്രം തിരിച്ചു...

ശ്രുതി
VIII – B

# ഇലക്കൊട്ടാരം

മാവിൽ ഇലകൾ തമ്മിൽ തുന്നി

ചേലിലൊരുക്കിയ കൊട്ടാരം

കാറ്റത്തൊന്നും വീഴൂല

മലയത്തൊന്നും അലിയൂല

ചൂടറിയില്ലാ തണുപാറിയില്ല

എന്തൊരു നല്ലൊരു കൊട്ടാരം



മാമര വേലി കൊട്ടാരം നല്ല

ചന്തമെഴുന്നൊരു കൊട്ടാരം

തീർത്തവരാരെന്നറിയാമോ?

പുളിയനുറുമ്പും കൂട്ട്യോളും

ആദിത്യ

VI A

# ആന കുട്ടനും കുഞ്ഞി കുരുവിയും



അമ്മ അന്ന് കാണാതെ മരച്ചുവട്ടിൽ ഇരുന്നു കരയുകയായിരുന്നു ആനക്കുട്ടൻ അപ്പോഴതാ മറ്റാരുടെയോ കരച്ചിൽ കേൾക്കുന്നു ഒരു കുഞ്ഞിക്കുരുവിലേ ആയിരുന്നു അത് ഒന്നു പറക്കാൻ നോക്കിയതാ വീണുപോയി ഞാൻ ഇനി എങ്ങനെ തിരികെ കൂട്ടിൽ കയറും അവൻ കരച്ചിൽ തുടർന്നു കുഞ്ഞിക്കുരുവി കരയേണ്ട നിന്നെ ഞാൻ സഹായിക്കാം ആനക്കുട്ടൻ കുരുവിയെ തുമ്പികൈയ്യിൽ കോരിയെടുത്ത് കൂട്ടിൽ ഇരുത്തി അപ്പോഴേക്കും അമ്മ കുരുവി അവിടെയെത്തി കാര്യങ്ങളെല്ലാം അറിഞ്ഞ് അമ്മക്കുരുവി ഇ മുമ്പിൽ പറന്നു ആനക്കുട്ടൻ അമ്മയുടെ അടുത്തേക്ക് വഴി കാണിച്ചു അമ്മയെ കണ്ടപ്പോൾ ആന കുട്ടന് സന്തോഷമായി

അജന്യ

VI – A

# ടുട്ടുവിന്റെ വികൃതി



മഹാ വികൃതി ആയിരുന്നു ടുട്ടു മുയൽ. ആരു പറഞ്ഞാലും അവൻ അനുസരിക്കില്ല. ഒരു ദിവസം ഒരു കടുവയുടെ മുഖം മൂടി അവന് കിട്ടി. "അത് വച്ച് എല്ലാവരെയും പേടിപ്പിച്ച് ഓടിക്കാം " ടുട്ടു കരുതി . ടുട്ടു മുഖംമൂടി വച്ച കുറ്റിക്കാട്ടിൽ പതുങ്ങി ഇരുന്നു .ലുലുമോൻ അതുവഴി വന്നപ്പോൾ കാട്ടിൽ നിന്ന് ചാടി വന്നു അലറി ഗർർ... ലുലു ജീവനുംകൊണ്ടോടി അതു കണ്ട ടുട്ടു മുയൽ ചിരിച്ചു. ചിന്നൻ അണ്ണനെയും ,ലിങ്കൻ കുരങ്ങനെയും ഇതുപോലെ പേടിപ്പിച്ചു ഈ സമയത്താണ് ഗിമ്പൻ ആനയുടെ വരവ്. ഈ തടിമാടനെയും പേടിപ്പിക്കണം. ടുട്ടു  കാട്ടിൽ വീണ്ടും ഒളിച്ചു അടുത്തെത്തി അപ്പോൾ ടുട്ടു ഒറ്റ ചാട്ടം എന്നാൽ ഗിമ്പൻ പേടിച്ചില്ല. വികൃതി കാട്ടിയ ടുട്ടുവിനെ ഗിമ്പൻ എടുത്തെറിഞ്ഞു. അതോടെ ടുട്ടുവിന്റെ വികൃതിയും മാറി.

ആനു
VI – A

# ഓർമ്മപ്പൂക്കൾ

ഇനിയൊരു ജന്മമുണ്ടെങ്കിൽ എനിക്കാ
അമ്മതൻ കുഞ്ഞായ് പിറന്നാർ മതി
അലിയുന്ന വാത്സല്യമോടെന്നവിട്ടുത്തെ
വിരൾ തുമ്പിൽ തൂങ്ങി നടന്നാൽ മതി
ആ കൈകൾ താളം പിടിച്ചാൽ മതി
മാറോടു ചേർന്നു മയങ്ങുന്ന നേരത്തും
മധുരമാം താരാട്ടും കേട്ടാൽ മതി
ഞാനുണരുമ്പോഴെൻ നെറുകയിൽ
ചുംബിച്ച് ആ കഥ കേട്ട് വളർന്നാൽ മതി
എന്നും ഓർമ്മതൻ തൊട്ടിലിൽ മയങ്ങുമ്പോൾ
അമ്മയെ ഓർക്കുന്നു തേങ്ങലോടെ...



നന്ദന
VIII-D

# മത്സരത്തിലെ ഓട്ടക്കാർ




പട്ടണത്തിൽ പോയി മടങ്ങുകയായിരുന്ന ബാലു ദാമുവിനെ വീട്ടിൽ ഒരു കരച്ചിൽ ശബ്ദം ആരാ കരയുന്നത് പുറത്തിറങ്ങി വന്ന ദാമുവിനോട് ബാലു ചോദിച്ചു ഹും മോനാ എൻറെ അടി കൊണ്ട് കരയുകയാ കണക്കിന് 5 മാർക്ക് അവൻ കളഞ്ഞത് ദേഷ്യം വരാതിരിക്കുമോ 5 മാർക്ക് അല്ലേ സാരമില്ല സാരമില്ലെന്ന ക്ലാസ്സിൽ നാലുപേർക്ക് ആണെങ്കിൽ അതിനേക്കാൾ കൂടുതൽ മാർക്ക് ഉണ്ട് അതെ എൻറെ ങ്ങനെയാ എപ്പോഴും പൂമ്പാറ്റകളുടെ പിന്നാലെ ഓട്ടം അല്ലേ ദാമുവിൻറെ ദേഷ്യം കുറയുന്നില്ല ബാലു ഒന്ന് ആലോചിച്ചിട്ട് പറഞ്ഞു ശരി ഏതായാലും ഇപ്പോൾ നിന്നെ കണ്ടത് നന്നായി എനിക്ക് തൻറെ സഹായം വേണം എന്ത് സഹായം ഞാൻ ഒരു ഓട്ട മത്സരം സംഘടിപ്പിക്കുന്നുണ്ട് അതിന് താൻ സഹായിക്കണം വാ ഒരു കുളത്തിന് കരയിലേക്ക് ആണ് അവർ പോയത് കുളക്കരയിലെ മരക്കൊമ്പിലിരുന്ന പൊന്മാനേ ചൂണ്ടിക്കാട്ടി ബാലു പറഞ്ഞു താ പൊന്മാനെ കണ്ടോ ആ പൊൻമാനെയും ആ കുളത്തിലെ തവളയും ചേർത്ത് ഒരു ഓട്ട മത്സരം നടത്താൻ ആണ് എൻറെ ശ്രമം തനിക്കൊന്നു സഹായിക്കാമോ ദാമു പൊട്ടിച്ചിരിച്ചു ഹഹഹ നടക്കാത്ത കാര്യം പറക്കുന്ന പൊൻമാനെയും ചാടുന്ന തവളയും ചേർത്ത് ഓട്ടമത്സരമൊ! ബാലു പറഞ്ഞു പലതരം കഴിവുള്ള കുട്ടികൾക്ക് എല്ലാ വിഷയത്തിലും ഒരേപോലെ പോലെ മാർക്ക് കിട്ടണം എന്ന് ശാഠ്യം പിടിക്കണമെങ്കിൽ ഇതും നടക്കും ദാമു ഞെട്ടിപ്പോയി ഓരോ കുട്ടികൾക്കും അവരവരുടേതായ കഴിവുകളുണ്ട് അതൊന്നും ഓർക്കാതെ മകനെ ശിക്ഷിച്ചത് വലിയ തെറ്റാണ് അതും വെറും 5 മാർക്ക് പോയതിന് പൂമ്പാറ്റകളുടെ പിന്നാലെ പോകുന്നത് അത്ര വലിയ തെറ്റൊന്നും അല്ല ഭാവിയിൽ അവൻ പൂമ്പാറ്റകളെ കുറിച്ച് പഠിക്കുന്ന ശാസ്ത്രജ്ഞൻ ആകില്ലെന്ന് ആരു കണ്ടു



**ആൻ മരിയ ജോസഫ്**
VI – C

# ചെറുതും വലുതും

ഒരിക്കൽ ഒരു ആന ഒരു ഉറുമ്പിനോട് ചോദിച്ചു ഇത്രയും ചെറുതായ നിന്നെ ജന്മംകൊണ്ട് പ്രയോജനം എന്തുണ്ട് എന്തുണ്ട് ഉറുമ്പ് മറുപടി  പറഞ്ഞില്ല ഒരു ദിവസം കുറച്ച് കടുകുമണികൾ വീണു പോയി എത്ര ശ്രമിച്ചിട്ടും അത് പുറത്തുകളയാൻ കഴിഞ്ഞില്ല ആന തലയിട്ട് തല്ലുന്നത് കണ്ടു ഉറുമ്പ് കാര്യം തിരക്കി ഒരു ചിരിയോടെ ആനയുടെ ചെവിയിൽ കടന്നു കടുകുമണികൾ എല്ലാം ഉരുട്ടി പുറത്തിട്ടു അപ്പോൾ ആന പറഞ്ഞു വലുതായി ഇരുന്നിട്ട് എന്താ കാര്യം നീ ഇപ്പോൾ വന്നില്ലായിരുന്നെങ്കിൽ എൻറെ ജന്മം പാഴായേനെ



അനാമിക പ്രകാശ്
VI – C

# എൻറെ ഗ്രാമം

അകലെയാണ് അകലെയാണ്

എൻറെ ഗ്രാമം

അവിടെയാണ് അവിടെയാണ്

എൻറെ പ്രാണൻ

കൊന്നപൂത്തിന്ന് വീണ ഒഴുകുന്ന

തോട്ടുകൾ

അതിരിട്ട ചെളിവരമ്പോരത്ത്

കൊറ്റികൾ

പിന്നെയാ മൈനകൾ

കാക്കകൾ

കാട്ടുകോഴിക്കുട്ടമൊക്കെ

ചേക്കേറുമാ കാടുകൾ



ആർദ്ര റോസ് മനോജ്
VI-C

# പ്രളയം

മനുഷ്യ ...നിൻ
കൊടും ക്രൂരതകൾക്കുത്തരം
ഈ പ്രളയമാ..
പെരുമഴയിതു പേമാരിയാവുന്നു
പ്രാണഭയത്താൽ പായുന്നു പലരും
ഇത് പ്രകൃതി കണ്ണുനീരോ
കലികാലമോ
കുളിർക്കാറ്റു വീശുന്ന
മലകളിന്നെവിടെ
നെൽക്കതിരാടുന്ന വയലുകളിന്നെവിടെ
ഇടിച്ചുനിരത്തി നാം കുന്നുകളും
വെട്ടിത്തെളിച്ചു വനാന്തരങ്ങൾ
അമ്മ തൻ രോദനം അന്നാരും കേട്ടില്ല
മഴ പെയ്തു പെരുമഴ നോവായി പെയ്യുമ്പോൾ
കൂട്ടിനാരുമില്ല  കൂടുമില്ല
കൂട്ടായതിന്നോ ,നഷ്ടസ്വപ്നങ്ങൾ മാത്രം



എയ്ഞ്ചൽ മരിയ
സിജോ
VI – C

# കൊതിയൻ കിട്ടു

അമ്മപൂച്ചയ്ക്ക് രണ്ട് മക്കളാണ് കിട്ടുവും സുട്ടുവും തിന്നാൻ എന്ത് കിട്ടിയാലും കിട്ടു തട്ടിപറിക്കും. അങ്ങനെ ഒരു ദിവസം സുട്ടുവിന് ഒരു മീൻ കഷ്ണം കിട്ടി. ഇതു കണ്ട കിട്ടു ഒറ്റ ചാട്ടത്തിന് മീൻ കൈക്കലാക്കി. പക്ഷെ ഉണക്കമീനും കൊണ്ട് അതിക നേരം അവൻ ഓടിയില്ല, അപ്പോഴേക്കും രണ്ടു മുട്ടൻ കണ്ടൻ പൂച്ചകൾ അവന്റെ നേരെ ചാടി. “ഇവിടെത്താടാ മീൻ” അവരുടെ അലർച്ച കേട്ട് മീനും അവിടെയിട്ട് കിട്ടു ഓടെടാ ഓട്ടം. എന്തായാലും കൈയിലുള്ളത് നഷ്ടപെട്ട വേദന കിട്ടു മനസ്സിലാക്കി. പിന്നീടൊരിക്കലും അവൻ ആരുടെ കൈയിൽ നിന്നും ഒന്നും തട്ടി പറിച്ചിട്ടില്ല



നിയ
VI-A

# ഉണർത്തല്ലേ.....

കുഞ്ഞിക്കൈകൾ കൂട്ടിയുരുമ്മി
മണ്ണുംപൊടിയും കഴുകിക്കഴുകി
ഓമനമുഖവും നന്നായ് കഴുകി
അമ്മകൊടുത്തൊരു മാമു കഴിച്ച്
കുഞ്ഞികണ്ണുകൾ ചിമ്മിയടച്ച്
ഉണ്ണിയുറങ്ങും നേരത്തയ്യോ
കലപിലകൂട്ടും കുഞ്ഞിക്കിളിയേ
ഉണർത്തിടാതെൻ ഉണ്ണിയെ നീ.....




ആതിര പ്രദീപ്
V-A

# കുയിലാളേ...



മാനത്തുള്ളൊരു കുയിലാളേ
പാറിനടക്കുന്ന കുയിലാളേ
എന്തൊരു ഭംഗി എന്തൊരു ചന്തം
നിന്നെകാണാൻ കുയിലാളേ
പാടി രസിക്കും കുയിലാളേ
ഈണത്തിൽ പാടുന്നു നീ
നിനെക്കെങ്ങനെ എപ്പോഴും
കൂ..കൂ.. പാടാൻ കഴിയുന്നു


സിയ
VI-A

# മരവും പെയ്യുന്നേ

മഴക്കാലമായി...

ആകാശമാകെ മേഘക്കൂട്ടങ്ങൾ നിറയാൻ തുടങ്ങി അതിലൊരു കുഞ്ഞുമേഘം മുത്തശ്ശി മേഘത്തിന്റെ കൈപിടിച്ച് താഴേക്കുനോക്കി കൗതുകത്തോടെ കാഴച്ക്കൾ കണ്ടു പക്ഷേ, ചില കാഴ്ചകൾ അവളെ വല്ലാതെ വേദനിപ്പിച്ചു ആകാശ സഞ്ചാരത്തിനിടെയിൽ കുഞ്ഞി മേഘം കാണിച്ചു കൊടുത്തു നാട്ടിലെ കാഴ്ചകൾ കണ്ട മുത്തശ്ശി ഞെട്ടിപ്പോയി ഈ നാടിന്റെ അവസ്ഥ.

എന്താ ഇങ്ങനെ തെളിനീരൊഴികിയ.



ആതിര പ്രതീപ്
V-A

# വൈകി വന്ന വസന്തം

വസന്തക്കാലത്തിന്റെ

ശോഭയും വർണ്ണവും

കൊതിയോടെ കാണുവാൻ

ഞാൻ കൊതിച്ചു

മുല്ലയും പിച്ചിയും

തുമ്പയും തുളസിയും

ചെത്തി മന്ദാരം

കണികൊന്നയും

സുന്ദര നാടിന്റെ സ്വപ്നങ്ങളോടെ

തിരികെ വെരേണമൊരിക്കൽ വീണ്ടും



റീമിയ
VI – B

# കഥകളിയും വള്ളത്തോളും



കഥകളി ലോകത്തെ അതിശയിപ്പിക്കുന്ന കലയായി മാറുമ്പോൾ കേരളമാണ് അഭിമാനം കൊള്ളുന്നത്. കതകളിക്ക് ലഭിച്ചിട്ടുള്ള സർവ്വവിധ അംഗീകാരത്തിനു കാരണമായത് മഹാകവി വള്ളത്തോളിന്റെ പ്രവർത്തനമാണ് .ഇരുപതാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിൽ മഹാകവിയുടെ നേതൃത്വത്തിൽ നടന്ന പ്രചാരണ പരിപാടികളാണ് കവിവിളക്കിന്റെ തങ്കപ്രഭ ലോകമെങ്ങും തെളിയാൻ കാരണമായത്. കഥകളിയിൽ ഇനിമേൽ പരിഷ്കരണങ്ങളുടെ ആവശ്യമില്ലെന്നും ഉള്ളത് നിലനിർത്തിയാൽ മതിയെന്നും അദ്ദേഹം വ്യക്തമാക്കി.



റീമിയ
VI–B

# കോൽക്കളി

കേരളത്തിൽ ക്രൈസ്തവരും ഹൈന്ദവരും മുസൽമാന്മാരും സമുദായത്തിലുള്ളവരും കോൽക്കളികളിക്കാറുണ്ട് . വന്ദനക്കളിയോടെയാണ് തുടക്കം ഗണപതി, സുബ്രഹ്മണ്യർ, സംഘത്തിൽ എട്ടോ പത്തോ ജോടി ആളുകളാണ് കളിക്കുക.

ചുറ്റിൽക്കോൽ, തെറ്റിൽക്കോൽ, താളക്കളി, തടുത്തു കളി ഇങ്ങനെ നിരവധി ഇനങ്ങളുണ്ട് കോൽക്കളിയിൽ ഓരോ മതസ്ഥരും അവരവരുടെ പാട്ടുകളാണ് കോൽക്കളിയിൽ പാടാറ്.




റീമിയ

VI–B

# ശ്രദ്ധ

പഠിക്കാനിരിക്കുമ്പോൾ ശ്രദ്ധ ലഭിക്കുന്നില്ലെന്ന് പരാതി പറയാത്തവരായി ആരുമുണ്ടാകില്ല. എന്നാലത് എന്തുകൊണ്ടാണെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നാം തന്നെ സൃഷ്ടിക്കുന്ന ചുറ്റുപാടുകളാണത് നമ്മുടെ ശ്രദ്ധയെ സ്വാധീനിക്കുന്നത്. ഒരു പ്രവർത്തി ചെയ്യുന്നതിനുമുമ്പുതന്നെ അതുമായി ബന്ധപെട്ട ചുറ്റുപാടുകളിൽ നിങ്ങൾ സംതൃപ്തരാണെന്ന് ഉറപ്പുവരുത്തുക. ഒരുപക്ഷേ ശ്രദ്ധാക്കുറവുണ്ടാകുന്ന സാഹചര്യങ്ങൾക്ക് സാധ്യതയുണ്ടെങ്കിൽ അവയെ പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം. ചെയ്യാൻ പോകുന്ന പ്രവർത്തിയിലേക്ക് നിങ്ങളുടെ മനസ്സിനെ പരുവപെടുത്തിയെടുക്കുക ഒരേ സമയം ഒന്നിലധികം പ്രവർത്തികളെ ആശ്രയിക്കാതെ ഒന്നിലേക്ക് മാത്രം ശ്രദ്ധാകേന്ദ്രീകരിക്കുക.




റീമിയ
VI–B

# നക്ഷത്രം

വർണമിണങ്ങി  തെളിഞ്ഞൊരു
വാർമഴവില്ലിനെ തോളിലേറ്റി
മിന്നമിന്നാമിന്നുന്ന ആകാശം
ഗോപുരത്തിലൊരു
ദീപമായി മിന്നുന്ന
നക്ഷത്രമേ....


വിശാലമാമൊരു വാനിലാരോ
ദീപം തെളിഞ്ഞ പോലെന്നോ
നിൻ നുറുങ്ങു വെട്ടം
പാരിൽ വിളങ്ങുന്നു
പ്രകാശദീപത്തിൽ നിന്നുദിച്ച
വെള്ളി നക്ഷത്രമേ....

നിൻ വെളിച്ചം എൻ ഹൃദയത്തിൽ
വിളക്കായി മിന്നുന്ന
കുഞ്ഞു നക്ഷത്രമേ..?

**ഗോപിക**

IX-A

# അസ്തമയ സൂര്യൻ



ചെമ്മഞ്ഞക്കൊടി പാറിച്ച്
പടിഞ്ഞാറോട്ട് മായുമ്പോൾ
ഓർക്കുക നാം
അതിവെയിലേറ്റ് നാം
ഊർജ്ജ്വസ്വരലരാകുമ്പോൾ
ഓർക്കുക ശൈത്യകാലമെത്തിയാൽ
നമുക്കാസ്വദിക്കാനാവില്ല

ഈ മായാലീലകൾ
പ്രകൃതിതൻ പുണ്യമായി
ജന്മമെടുത്ത സൂര്യനെ
നാം മറക്കരുതൊരിക്കലും, ഭൂമി
നിൻ ഭംഗി തെളിച്ചുകാട്ടും സൂര്യനെ


നീ എന്തിനു വിണ്ണിലേക്കു
പറഞ്ഞയക്കുന്നു

ടെസ്സ വിജു
IX-A

# ഗാന്ധി ഒന്നല്ല


ഗാന്ധിജി...കൂട്ടുകാരുടെ പ്രിയപ്പെട്ട ബാപ്പൂജി അദ്ദേഹം നൽകിയ സന്ദേശങ്ങൾക്കും ജീവിതരീതിയ്ക്കും ഇന്ന് ഏറെ പ്രധാന്യമുണ്ട്. ബാപ്പുവിന്റെ അസാധാരണമായ പാത പിന്തുടർന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ഗാന്ധിയന്മാരെ പറ്റി അറിയാം...

## അമേരിക്കൻ ഗാന്ധി



വിവേചനം അനുഭവിച്ചുകൊണ്ടിരുന്ന അമേരിക്കയിലെ കറുത്ത വർഗക്കാർ ഇവരെ ഒരുമിച്ച് അഹിംസ മാർഗത്തിൽ പോരാടിയ മാർട്ടിൻ ലൂഥർ കിംഗ് ആണ് അമേരിക്കൻ ഗാന്ധി.

## ആഫ്രിക്കൻ ഗാന്ധി



ദക്ഷിണാഫ്രിക്കയുടെ സ്വതന്ത്രത്തിനായി, ആഫ്രിക്കയിലെ കറുത്ത വർഗക്കാരെ സംഘടിപ്പിച്ച് അക്രമരഹിതമായി പൊരുതിയ നെൽസൺ മണ്ടേലയാണ് ആഫ്രിക്കൻ ഗാന്ധി.

## കെന്നിയൻ ഗാന്ധി




വിദേശികൾ കോളനിയാക്കി അടിച്ചമർത്തിയ ആഫ്രിക്കൻ രാജ്യമായ കെനിയയെ മോചിപ്പിച്ച ജോമോ കൊനിയാറ്റ.

## ആധുനിക ഗാന്ധി




ഇന്ത്യൻ സാമൂഹിക പ്രവർത്തകനായ ബാബാ ആംതെ

## കേരള ഗാന്ധി



സ്വാതന്ത്ര്യ സമര സേനാനിയും ഗാന്ധിയനും സോഷ്യലിസ്റ്റും ആയിരുന്ന K. കെളപ്പൻ.

## അതിർത്തി ഗാന്ധി



ഗാന്ധിയുമായി അടുപ്പവും ഗാന്ധിയൻ ആശയത്തിൽ അടിയുറച്ച ജീവിതവും ഖാൻ അബ്ദുൾ ഗാഫർ ഖാനെ അതിർത്തി ഗാന്ധി എന്ന വിശേഷണത്തിന് അർഹനാക്കി

നന്ദന D .K
IX-A

# നാം തിരിച്ചറിയണം

ആർത്തിരമ്പി വന്നൊരു
രാക്ഷസൻ
നമ്മുടെ സ്വപ്നങ്ങളും ജീവനും
കവർന്നെടുത്തു

നമ്മുടെ സുന്ദര കേരളത്തെ
ഒരു ശവപറമ്പ് ഒരുക്കിയെങ്കിലും
നമ്മൾ കൈകോർത്ത് ആ നല്ല കേരളം
വീണ്ടും പണിതുയർക്കാം

നമ്മുടെ സോദരരുടെ ദുഃഖങ്ങൾ നമ്മുടെ
ദുഃഖങ്ങളാണെന്ന് നാം തിരിച്ചറിയണം
ഇനിയും...ഇനിയും...നാം ഉണരണം...
ഉണരണം... നാം ഉണരണം...

Reemiya
VI-B

# ഓർമ്മയ്ക്കായ്

ഓർമ്മതൻ ചിരാതിൽ
കാണുന്നു നിന്റെ മുഖം ഞാൻ
ആദ്യമായി ഈ പടി കേറിയ
നാളുകൾ കാത്തിരുന്നു
വിടപറയും നേരമയി
പുസ്തകങ്ങൾ തുറന്നിടും നേരം
മിഴികൾ നിറയുമീ നിമിഷങ്ങൾ
അറിയാതെ ഓർത്തു പോകും
സന്തോഷനിമിഷങ്ങൾ തിരിച്ചു
കാത്തിരിക്കും നാളുകൾ............

ഫിയോണ
IX–B

# പൂന്തോട്ടം



മീനൂട്ടിക്ക് ഏറ്റവും ഇഷ്ടമുള്ള ജോലി ഏന്തായിരുന്നെന്നോ? തന്റെ കൊച്ചു വീട്ടിന്റെ മുൻപിലെ പൂന്തോട്ടത്തിന്റെ കാവൽക്കാരിയാകുക എന്നതായിരുന്നു സ്കൂൾ വിട്ടാൽ ഉടൻ മീനൂട്ടി വീട്ടിൽ എത്തി ചെടികൾക്ക് വെള്ളമൊഴിക്കുന്നതിൽ ശ്രദ്ധിക്കും... ഓരോ ചെടിയും മൊട്ടിടുമ്പോൾ അവൾ കൗതുകത്തോടെ നോക്കി നിൽക്കും. മീനൂട്ടിക്ക് അച്ഛനും അമ്മയും ഇല്ലായിരുന്നു. അവൾ മുത്തശ്ശിയുടെ കൂടെയായിരുന്നു താമസിച്ചിരുന്നത്. വിഷമം വരുമ്പോൾ അത് മറക്കാൻ അവൾ പൂന്തോട്ടത്തിൽ പോയിരിക്കും.

ഒരു ദിവസം അവൾ സ്കൂൾ വിട്ട് വന്നപ്പോൾ തന്റെ എല്ലാമെല്ലാമായ പൂന്തോട്ടം അവൾക്ക് നഷ്ടമായിരിക്കുന്നു. ഒപ്പം കോരി ചൊരിഞ്ഞ പെരുമഴയത്തുണ്ടായ ഉരുൾപൊട്ടലിൽ അവളുടെ കൊച്ചു വീടും പൂന്തോട്ടവും പ്രിയപ്പെട്ട മുത്തശ്ശിയും ഇല്ലാതായി. ഇന്ന് പാവം... പാവം മീനൂട്ടി ഒറ്റയ്ക്കാണ്....

Reemiya
VI-B

# പരിശ്രമം ചെയ്യുകിലെന്തിനേയും

ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ വിടരേണ്ട പൂമൊട്ടുകൾ എന്ന കഥസമാഹാരത്തിലെ ഒരു ഭാഗമായ പരിശ്രമം ചെയ്യുകിലെന്തിനേയും ഞാൻ വായിച്ചു അതിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ച ഭാഗമാണ് S. L. V-3 വൻപരാജയമായപ്പോൾ കലാം തന്റെ പരിശ്രമം നിത്തിയില്ല, പകരം അതിനു വേണ്ടി വീണ്ടും പരിശ്രമം ഊർജിതമാക്കുകയാണ് ചെയ്തത്. അതാണ് നാം മനസിലാക്കേണ്ട പ്രഥമവും പ്രധാനവുമായ കാര്യം -തോൽവി സാധാരണമാണ് എന്നാൽ അതിനെ വകവയ്ക്കാതെ വിജയത്തിനു പിന്നാലെ നാം പോകണമണമെന്നാണ് കലാം പറയുന്നത്...- പരാജയം ആർക്കും സംഭവിക്കാം. പക്ഷെ അതിൽ നിന്നു പിൻമാറരുത്. ഒരുപക്ഷെ അടുത്തതിൽ നമ്മുക്ക് വൻ വിജയം കരസ്ഥമാക്കാൻ കഴിഞ്ഞേക്കും... നമ്മൾ തോൽക്കുകയോ ജയിക്കുകയോ ചെയ്തേക്കാം, അത് നമ്മുടെ മാത്രം ചിന്തയിൽ നിക്ഷിപ്തമായതല്ല.. പക്ഷേ നമ്മുടെ തീരുമാനവും പ്രവർത്തിയും നമ്മേ വിജയത്തിൽ തന്നെയെത്തിക്കും... നമ്മൾ ഒരു കാര്യം എറ്റെടുക്കുമ്പോൾ നമ്മെ തളർത്താൻ ഒരുപാട് ശക്തികൾ ഉണ്ടാകും പക്ഷെ നാം അതൊന്നും വകവയ്കാതെ നമ്മുടെ ദൗത്യം ചെയ്തു തീർക്കുക.

റാനിയ ഫാത്തിമ
VI-D

# നന്ദി ഗ്രേറ്റാ...നന്ദി



പ്രശസ്ത ഗായിക മലേന ആൽവണിന്റെയും സ്വിഡൽ അഭിനേതാവ് സ്വന്റേ ട്യൂൽ ബർഗിന്റെയും മക്കൾ 11ാം വയസ്സിൽ വീട്ടിൽ ആരംഭിച്ച വിപ്ലവത്തെ ഇന്ന് ലോകം ഏറ്റെടുത്തിരിക്കുന്ന ഭൂമിക്കും കാലാവസ്ഥയുമായി തങ്ങളുടെ പ്രിയക്കൂട്ടുകാരി തുടങ്ങിവെച്ച സമരത്തെ ഇന്ന് ലോകം ഏറ്റെടുത്തപ്പോൾ ഞങ്ങൾ നിന്നെ ആദരവോടെ സമീപിക്കെട്ടെ കഴിഞ്ഞ വർഷം സ്കൂളിൽ സ്ട്രൈക്ക് ഫോർ ക്ലൈമറ്റ് എന്ന പ്ലക്കാടുമായി സ്റ്റോക്കോമിയിലെ സ്വിഡിഷ് പാർളമെന്റിനു മുന്നിൽ മൂന്നാഴ്ച കുത്തിയിരിപ്പ് സമരം നടത്തിയപ്പോൾ 15 വയസ്സിലെ നിന്റെ ഉറച്ച കാൽവെപ്പുകളെ ഞങ്ങൾ തിരിച്ചറിഞ്ഞു ഇപ്പോൾ ആഴ്ച്ചയിൽ നാലുദിവസം സ്കൂളിൽ പോയി വെള്ളിയാഴ്ച്ചകളിൽ നിനക്ക് പാർളമെന്റിനു മുന്നിലെ സമരം തുടങ്ങിയപ്പോൾ നിനക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് ലോകമെമ്പാടുമുള്ള സ്കൂൾകുട്ടികൾ തങ്ങളുടെ രാജ്യത്തെ ഭരണ സിതകേന്ദ്രത്തിന് മുന്നിൽ വെള്ളിയാഴ്ച്ചകളിൽ സമരം ചെയ്യുന്നുണ്ടല്ലോ #climate strike ടാഗിൽ ഞങ്ങളും ഞങ്ങളുടെ പ്രവർത്തനങ്ങളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നുണ്ട് പരിസ്ഥിയുടെയും ലോകസ്ഥതയുടെയും സംരക്ഷണത്തിനായി നേതൃത്വം നൽകുന്ന ഗ്രേറ്റാ നിനക്കു വലിയ ഒരു സല്യൂട്ട്

**തീർത്ത**

VIII–B

# വസന്തത്തിന്റെ നൊമ്പരം

പൂക്കൾ നൽകുംവസന്തമേ നീ, എനിക്കായ്
മാത്രം നൽകിയതെന്തിനീ വേദന?
പറക്കാൻ കൊതിക്കുമീ മോഹങ്ങൾ തൻ
ചിറകുകളറുത്തതെന്തിനായ്

എൻ മോഹഭംഗങ്ങളായ് നീ നൽകിയ
വേദനകൾ ഇന്നുമെൻ നീറുന്ന നൊമ്പരം
മോടി വരുത്തി നിൻ വസന്ത പുഷ്പങ്ങൾ
ലോകത്തിനായ് നീ നൽകുമ്പോൾ

ആഹ്ലാദ സൗന്ദര്യമാകുമെൻ മോഹങ്ങൾ
എന്നിൽ നിന്നകലെയായി
എൻ വഴിയിൽ കരിയിലകൾ
മാത്രമായി......

അന്സ തോമസ്
X-C

# പ്രളയമേ തിരികെ വരിക നീ...

പ്രളയമേ,
തിരിക വരിക നീ...
വീണ്ടുമീ ഭ്രാന്താലയത്തെ തിരുത്തുവാൻ
വീണ്ടുമീ നാടിനെ ഐക്യപെടുത്തുവാൻ



മതഭ്രാന്ത് മൂത്തൊരീ മനുഷ്യകുലത്തിനെ
വീണ്ടുമിണക്കുവാൻ
ഒന്നിച്ചൊരുക്കുവാൻ
പരസ്പരം തമ്മിലടിച്ച മരിക്കുന്ന
നാടിന്റെ ഐക്യം വീണ്ടും തെളിക്കുമ്പോൾ

അന്നാ വിദ്യാലയ മുറിയിലുറങ്ങുമ്പോൾ
എത്ര സ്നേഹിക്കുന്നവർ പരസ്പരം
ജാതിമത രാഷ്ട്രീയമെല്ലാം മറന്നവർ
ഒരു പൊതിച്ചോറന്ന് പങ്കിട്ടെടുത്തും

നിന്നോടൊരുമിച്ചൊലിച്ചു പോയെല്ലാം
സ്നേഹവും സാഹോദര്യവും നന്മയും
മറന്നുപോയ് ഏറ്റം സഹിച്ചതും സ്നേഹിച്ചതും
ഒന്നിച്ചു കൈകോർത്ത് ഉയർത്തെഴുന്നേറ്റു


പ്രളയമേ തിരികെ വരിക നീ വീണ്ടും
ദുരിതമാണെങ്കിലും
ദുരന്തമതെങ്കിലും
നീയായിരുന്നു ഇതിലും സുഖം
നീയായിരുന്നു നിജം

**അവന്തിക പി. പി**
X–C

# നഷ്ടമാകരുതേ...

രാത്രിയ്ക്ക് നിലാവിന്റെ ഗന്ധം
രാഗാർദ്രയായൊരു അമ്മതൻ ഗന്ധം
നീരറ്റുപോകുന്ന പുഴതന്റെ ഗന്ധം
ദ്രാവണ ശിലയായ മലതന്റെ ഗന്ധം
എന്നാവാസനിക്കും തന്റെ ഈ യാത്രയെന്ന-
മ്മ മനുജനോട് ചോദിക്കുന്നു നിരന്തരം
ഒരേ ഒരു ചോദ്യം.....
ആ ചോദ്യത്തിൽ ഭൂമിതൻ നൊമ്പരം
ആ നൊമ്പരക്കാറ്റണപൊട്ടി വീശി
ലോകൈക നാശാദി കോലാഹലം
ഇന്നീ അണപൊട്ടിയ ചെയ്തികളിൽപോലും
നാം ഇല്ല, മനമില്ല, അമ്മയില്ല
വേഗമായ്..... സാരോചദേശമായ്.....
ദ്വനി നിർഗളിക്കുന്നു
രക്ഷിക്കു മനുജന്റെ ശ്വസത്തെ.....

മയൂഗ ജോൺ
X–c


By
Anees
VIII-A



# നന്ദി